# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ. 108/2025** **തിരുവനന്തപുരം, തീയതി: 22.05.2025**

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ/പ്രോജക്ട്/വൈവവോസി

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2025 ഏപ്രിൽ 29 മുതൽ നടത്തി വരുന്ന അഞ്ച്, ആറ് സെമസ്റ്റർ ബിഎസ്‌സി കമ്പ്യൂട്ടർ സയൻസ്/ബിസിഎ (സപ്ലിമെന്ററി – 2020 അഡ്മിഷൻ, മേഴ്സിചാൻസ് – 2017-2019 അഡ്മിഷൻ) പരീക്ഷകളുടെ പ്രാക്ടിക്കൽ, വൈവവോസി 2025 മെയ് 28 ന് കാര്യവട്ടം വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2025 ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തിയ ആറാം സെമസ്റ്റർ ബിബിഎ (2018 – 2022 അഡ്മിഷൻ) പരീക്ഷയുടെ പ്രോജക്ട് – വൈവവോസി 2025 ജൂൺ 10 ന് രാവിലെ 10 മണി മുതൽ കാര്യവട്ടം സെന്റർ ഫോർ അണ്ടർ ഗ്രാജ്വേറ്റ് സ്റ്റഡീസിൽ വച്ച് നടത്തുന്നു. വിദ്യാർത്ഥികൾ പ്രോജക്ട് റിപ്പോർട്ടും ഹാൾടിക്കറ്റുമായി പരീക്ഷാകേന്ദ്രത്തിൽ ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

കേരളസർവകലാശാല 2025 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബിപിഎ മ്യൂസിക്/വോക്കൽ, ബിപിഎ മ്യൂസിക് മൃദംഗം, ബിപിഎ ഡാൻസ് പരീക്ഷയുടെ പ്രാക്ടിക്കൽ 2025 ജൂൺ 09 മുതൽ ആരംഭിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

### ടൈംടേബിൾ

കേരളസർവകലാശാല 2025 ജൂൺ 4, 10, 16 തീയതികളിൽ നടത്തുന്ന ജർമ്മൻ A1, ജർമ്മൻ B1, ജർമ്മൻ B2 പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

### അപേക്ഷകൾ ക്ഷണിക്കുന്നു

കേരള യൂണിവേഴ്സിറ്റിയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് നടത്തുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ (PGDEC) (പാർട്ട്ടൈം) കോഴ്സിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. അംഗീകൃത സർവ്വകലാശാലകളിൽ നിന്നുള്ള ബിരുദധാരികൾക്ക് അപേക്ഷിക്കാവുന്നതാണ്. സർവകലാശാല നടത്തുന്ന പ്രവേശനപരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും തെരഞ്ഞെടുപ്പ്. ക്ലാസുകൾ തിങ്കൾ മുതൽ വെള്ളി വരെ വൈകിട്ട് 5 മുതൽ 7 മണി വരെയായിരിക്കും. ഓൺലൈൻ പോർട്ടൽവഴിയാണ് അപേക്ഷിക്കേണ്ടത്. ലിങ്ക് https://pgdec.keralauniversity.ac.in പ്രോസ്പെക്ടസും കോഴ്സിന്റെ വിശദവിവരങ്ങളും അപേക്ഷ പോർട്ടലിൽ ലഭ്യമാണ്. അപേക്ഷിക്കേണ്ട അവസാന തീയതി : 2025 മെയ് 27. കൂടുതൽ വിവരങ്ങൾക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, കേരള യൂണിവേഴ്സിറ്റി, സെനറ്റ് ഹൗസ് ക്യാമ്പസ്, പാളയം, തിരുവനന്തപുരം -695034.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

| |
|---|
| ***University information is available on*** **9188526670, 9188526671, 9188526674, 9188526675** |
| **Whats App No. 8547330240** |